akasalam@gmail.com



എ.കെ അബ്ദുസ്സലാം

# മനസ്സിൽ ചൊറിച്ചിലുണ്ടാക്കുന്ന പാപങ്ങൾ

عَنْ أَبِي أُمَامَةَ رَضِيَ اللَّهُ عَنْهُ، قَالَ : قَالَ رَجُلٌ : يَارَسُولَ اللَّهِ مَا الإِيمَانُ؟ قَالَ: إِذَا سَرَّتْكَ حَسَنَتُكَ وَسَاءَتْكَ سَيِّئَتُكَ فَأَنْتَ مُؤْمِنٌ، فَقَالَ: يَارَسُولَ اللَّهِ فَمَا الْإِثْمُ؟ قَالَ: إِذَا حَاكَ فِي صَدْرِكَ شَيْءٌ فَدَعْهُ

അബൂ ഉമാമ(റ)യിൽനിന്ന് നിവേദനം: ഒരാൾ നബി(സ)യോട് ചോദിച്ചു: "എന്താണ് ഈമാൻ?" നബി(സ) പറഞ്ഞു: "നിന്റെ സൽപ്രവൃത്തി നിന്നെ സന്തോഷിപ്പിക്കുകയും ദുഷ്കൃത്യം നിന്നെ വ്യാകുലനാക്കുകയും ചെയ്താൽ നീ വിശ്വാസി തന്നെ." അദ്ദേഹം വീും ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, അപ്പോൾ പാപം എന്താണ്?" അവിടുന്ന് പറഞ്ഞു: "വല്ല കാര്യവും നിന്റെ മനസ്സിൽ അസ്വസ്ഥത ഉാക്കുന്നുവെങ്കിൽ അത് നീ ഉപേക്ഷിച്ചുകളയുക."

ഹിതകരമായ ഒരു കാര്യം സാധിച്ചാൽ എന്തെന്നില്ലാത്ത സന്തോഷമുണ്ടാവുക എന്നതും, അഹിതകരമായ വല്ലതും സംഭവിച്ചാൽ അതെപ്പറ്റി വ്യാകുലചിത്തനാവുക എന്നതും മനുഷ്യ പ്രകൃതമാണ്. മനുഷ്യന്റെ നന്മയുടേതായ ശുദ്ധപ്രകൃതിയെ സംരക്ഷിക്കുന്ന ശക്തിയാണ് വിശ്വാസം, അഥവാ ഈമാൻ. ഈമാൻ ശക്തിയാർജിച്ച ഒരു വിശ്വാസി തന്റെ സൽപ്രവർത്തനങ്ങളിൽ സന്തോഷിക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്നു. എന്തെങ്കിലും ദുർവൃത്തികൾ സംഭവിച്ചുപോയാൽ അതിൽ അവന്റെ മനസ്സ് വേദനിക്കുകയും ദുഃഖിക്കുകയും ചെയ്യുന്നു. താൽക്കാലിക സുഖത്തിനും വേണ്ടി വല്ല തെറ്റും ചെയ്താൽ തന്റെ ആഗ്രഹപൂർത്തീകരണം സാധിച്ചുവെന്നു കരുതി അവനൊരിക്കലും സമാധാനിക്കുകയില്ല. അതവന്റെ മനഃസാക്ഷിയെ വ്രണപ്പെടുത്തുകയും ഒടുവിൽ പശ്ചാത്താപത്തിലേക്ക് അവനെ നയിക്കുകയും ചെയ്യും. മനസ്സിന്റെ ഈ അവസ്ഥയെയാണ് *അന്നഫ്സുല്ലവ്വാമ* (ശകാരിക്കുന്ന മനസ്സ്) എന്ന് വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തിയത്. നിഷ്കപടമായ ഈമാനിന്റെ വിശേഷണമായിട്ടാണ് ഈ സ്വഭാവത്തെ മേൽ കൊടുത്ത ഹദീസ് പരിചയപ്പെടുത്തുന്നത്.

നമ്മുടെ മനഃസാക്ഷി തെറ്റാണെന്ന് ഉറപ്പിച്ചുപറയുന്ന കാര്യങ്ങൾ പാപങ്ങളായി മനസ്സിലാക്കി തള്ളിക്കളയണം. കാരണം വിശ്വാസിയുടെ ശുദ്ധപ്രകൃതിയും ഇസ്‌ലാമിക മനഃസാക്ഷിയും ഒരു കാര്യം വെറുക്കുന്നുവെങ്കിൽ അതു തന്നെയാണതിൽ പാപം ഒളിഞ്ഞിരിക്കുന്നുവെന്നതിന്റെ തെളിവ്. അതിനാൽ തന്നെ നിയമങ്ങളുടെ ബാഹ്യമായ ആനുകൂല്യങ്ങളെ അവഗണിക്കാനും, സംശയാസ്പദമായതിനെയും തിന്മയാണോയെന്ന് മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കുന്നതിനെയും ഒഴിവാക്കാനും സാധിക്കണം. പ്രവാചകൻ(സ) പറഞ്ഞു "നിനക്ക് സംശയകരമായത് തള്ളിക്കളയുക, സംശയരഹിതമായത് കൈക്കൊള്ളുക."

സത്യവിശ്വാസിയുടെ മനഃസാക്ഷി നന്മതിന്മകളെ വേർതിരിച്ചറിയാനുള്ള ഉരക്കല്ലാണ്. ഇസ്‌ലാം അതിനു വലിയ പ്രാധാന്യം നൽകിയതും അതിനാൽ തന്നെ. യഥാർഥ വിശ്വാസി മനഃസാക്ഷിയെ നല്ല പോലെ മാനിക്കുന്നവനാണ്. നബി(സ) പഠിപ്പിച്ചു, "സ്വഹൃദയത്തോട് ഫത്‌വ ചോദിക്കുക; ജനങ്ങൾ നിനക്ക് ഫത്‌വ തന്നാലും."

ചില സന്ദർഭങ്ങളിൽ ഒരു പ്രവൃത്തി ചെയ്യുമ്പോൾ, അല്ലെങ്കിൽ അതിനു മുന്നിട്ടിറങ്ങുമ്പോൾ അത് മറ്റുള്ളവർ അറിയരുതെന്ന് നാം ആഗ്രഹിക്കും. അത് അന്യരിൽനിന്ന് മറച്ചുപിടിക്കാനും ശ്രമിക്കും. ചെയ്യാൻ പോവുന്നത് പാപമാണെന്നതിന്റെ അടയാളവും അതു തന്നെ. തിരുമേനി(സ) പറയുന്നു "പുണ്യമെന്നാൽ സൽസ്വഭാവം; പാപമോ, മനസ്സിൽ ചൊറിച്ചിൽ ഉളവാക്കുന്നതും ജനങ്ങൾ അറിയുന്നതിൽ അനിഷ്ടം തോന്നുന്നതുമായ കാര്യവും." ഒരിക്കൽ വാബിസത്തുബ്നു മഅ്ബദ്(റ) നബി(സ)യുടെ അടുത്ത് ചെന്നു. "നീ പുണ്യത്തെ സംബന്ധിച്ച് അന്വേഷിക്കാൻ വന്നതാണല്ലേ?" അവിടുന്ന് ചോദിച്ചു. 'അതെ' എന്നദ്ദേഹം മറുപടി പറഞ്ഞപ്പോൾ നബി(സ) പറഞ്ഞു: "സ്വന്തത്തോട് ഫത്‌വ ചോദിക്കൂ, ഹൃദയം സമാധാനിക്കുകയും മനഃസാക്ഷി തൃപ്തിപ്പെടുകയും ചെയ്ത കാര്യമേതോ അതാണ് പുണ്യം. ഹൃദയത്തിൽ ദുഷ്പ്രതീതിയുളവാക്കുകയും സംശയകരമായിത്തീരുകയും ചെയ്തത് പാപവും, ഇതിനെതിരിൽ ജനങ്ങൾ നിനക്ക് ഫത്‌വ തന്നാലും ശരി."

വൈകാരിക ക്ഷോഭങ്ങളെയും ചിന്തകളെയും സ്വാധീനിച്ച് അവയെ നിയന്ത്രിക്കത്തക്കവിധം ശക്തമായിരിക്കും ഒരു വിശ്വാസിയുടെ ഈമാൻ. തന്റെ ഇഛാഭിലാഷങ്ങളെ നിയന്ത്രിക്കാൻ കഴിയുന്നതിലൂടെ സുകൃതവാനും ഭാഗ്യവാനുമായി ജീവിക്കാൻ അവന് സാധിക്കുന്നു. ■